ഉദ്യോഗം, വിദ്യാഭ്യാസം എന്നിവയ്ക്കായി 1950-ലെ ഭരണഘടനാ പട്ടിക ജാതി/പട്ടികവർഗ്ഗ ഉത്തരവ് നുശേഷം താല്ക്കാലികമായി ഈ സംസ്ഥാന ത്തേക്ക് കുടിയേറിയവർക്ക് അവർ ഏത് സംസ്ഥാനത്തുനിന്നും കുടിയേറിയോ അവിടെ അവരുടെ പിതാവിനു ലഭിച്ച ജാതി സർട്ടിഫിക്കറ് ഹാജരാക്കി യാൽ അതിന്റെ അടിസ്ഥാനത്തിൽ പുതിയ ജാതി സർട്ടിഫിക്കറ് നൽകുവാൻ ഈ സംസ്ഥാനത്തെ റവന്യൂ അധികാരികളെ ബാദ്ധ്യസ്ഥരാണ്. എന്നാൽ അവർക്കും അവരുടെ മക്കൾക്കും പട്ടികജാതി/പട്ടികവർഗ്ഗക്കാർ ക്കുള്ള ആനുകൂല്യങ്ങളും ഈ സംസ്ഥാനത്തു നിന്നും ലഭിക്കുവാൻ അർഹത യില്ല. അവർ ഏത് സംസ്ഥാനത്തുനിന്നും കുടിയേറിയോ അവിടെ നിന്നും അവർക്ക് ആനുകൂല്യങ്ങളും ലഭിക്കുന്നതാണ്.

മേൽ പരാമർശിച്ച ഉത്തരത്തിന്റെ വെളിച്ചത്തിൽ തമിഴ് ഭാഷാ ന്യൂനപക്ഷ ങ്ങളും ഉൾപ്പെടെയുള്ളവർക്ക് ഈ സംസ്ഥാനത്തെ റവന്യൂ അധികാരികളിൽ നിന്നും ആവശ്യമായ അന്വേഷണങ്ങൾക്കുശേഷം അർഹരാണെന്നു കണ്ടാൽ ജാതി സർട്ടിഫിക്കറ് ലഭിക്കുന്നതാണ്.

തേക്കടി വികസന പ്രവർത്തനങ്ങൾ

326. [508] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ തേക്കടിയിൽ പുതിയതായി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള നിർദ്ദേശം വല്ലതും സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്രസഹായത്തോടുകൂടി തേക്കടിയിലെ തടാകത്തിൽക്കൂടി യുള്ള ഉല്ലാസ യാത്രക്കായി രണ്ട് ബോട്ടുകൾ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തേക്കടിയിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കാനും പരിപാടിയുണ്ട്.

വനം വകുപ്പിന്റെ കീഴിൽ തേക്കടി ആസ്ഥാനമാക്കി പെരിയാർ ടൈഗർ റിസർവ് വികസിപ്പിക്കുക, വന്യജീവികളുടെ വാസസ്ഥലം പരിപോഷി പ്പിക്കുക, അഗ്നിബാധയുണ്ടാകാതെ സൂക്ഷിക്കുക, വാർത്താവിനിമയ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, വന്യജീവി പഠനവും ഗവേഷണവും വിപുല പ്പെടുത്തുക, അനിമൽ ഓർഫനേജ് സ്ഥാപിക്കുക, സംരക്ഷണ ഉദ്യോഗ സ്ഥൻമാർക്ക് ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക, പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാ ക്കുന്നതിനുവേണ്ടി ഒരു പ്രകൃതി പഠന സ്കൂൾ സ്ഥാപിക്കുക എന്നിവയും പരിഗണനയിലുണ്ട്.

നെയ്യാർ ഡാം പരിസരം സംരക്ഷിക്കുന്നതിന് ക്രമീകരണം

327. [509] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസ്റ്റ് കേന്ദ്രമായ നെയ്യാർ ഡാം പരിസരം പൂർണ്ണമായി വൃത്തിഹീനമായും, പൂന്തോട്ടം സംരക്ഷണമില്ലാതെയും, വൈദ്യുത വിളക്കുകൾ കത്താതെയും ആയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly